## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.697 | 27.04.2017 ന് മറുപടിയ്ക്ക്.

### ജനവാസ മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകളുടെയും, മറ്റ് കാട്ടുമൃഗങ്ങളുടേയും നിരന്തരമായ ആക്രമണങ്ങളും, ശല്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പന്നി, ചെന്നായ, കുരങ്ങ് മുതലായ വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (ബി) ജനവാസ മേഖലയിൽ നിരന്തരം ശല്യമുണ്ടാക്കുന്ന കാട്ടുപന്നികളെ തുരത്തി ഓടിക്കുന്നതിനും നിരീക്ഷിക്കുന്നതിനും കോതമംഗലം റെയിഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ അനിമൽ റസ്ക്യൂ ടീമിന് രൂപം നല്കി പ്രവർത്തിച്ചുവരുന്നു.<br>കോതമംഗലം മണ്ഡലത്തിൽ മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കോതമംഗലം റെയിഞ്ചിൽ കീരമ്പാറ പഞ്ചായത്ത് പ്രസിഡന്റും കവളങ്ങാട് പഞ്ചായത്ത് പ്രസിഡന്റും ചെയർമാന്മാരായി ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ടി സമിതികളുടെ യോഗങ്ങൾ യഥാക്രമം 15.03.2017, 25.03.2017 എന്നീ തീയതികളിൽ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ